ദൈവത്തിന്റെ ചുരുളുകൾ
DIVINE SCROLLS

A CHRISTIAN MAGAZINE FOR THE CHOSEN GENERATION

"ഒരുക്കം"
(തിരുവചന ചിന്തകൾ)




FEBRUARY
2024

CONTENTS

- **തിരുവചന ചിന്തകൾ** :
  "**ഒരുക്കം** ". Page - 03

- **ജീവിതങ്ങളിലൂടെ വാക്കുകളിലൂടെ**. Page - 11



"ഒരുക്കം"

തിരുവചന ചിന്തകൾ

ദൈവത്തിൽ ആശ്രയിക്കുക എന്നത് ആത്മീയ ജീവിതത്തിന്റെ അടിസ്ഥാനമാണ്. ആത്മീയ മനുഷ്യനിൽ ആദ്യമുണ്ടാകേണ്ടുന്ന ആത്മീക അവയവം ദൈവത്തിലുള്ള ആശ്രയമാണ്. നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്കുന്നവർക്കു മാത്രമേ അവനിൽ ആശ്രയിക്കുവാൻ കഴിയൂ. അതായതു, വിശ്വാസം ആദ്യപടിയും ആശ്രയം ഉയർന്ന അവസ്ഥയുമാണ്. ദൈവത്തിലുള്ള ആശ്രയം നമ്മുടെ ബൗദ്ധികതലത്തോടുള്ള ഒരു വെല്ലുവിളിതന്നെയാണ്. കടലിന്മേൽ നടന്നുവന്ന യേശുവിന്റെ അടുക്കലേക്കു പത്രോസ് കടലിനുമുകളിലൂടെ നടന്നടുക്കുന്നതു 'വിശ്വാസത്തിന്റെ പ്രവൃത്തിയായ' ആശ്രയത്തിൽനിന്നുമാണ്. ദൈവത്തിൽ ആശ്രയിക്കുന്നവർ ഏതുസാഹചര്യങ്ങളെയും മറികടന്നുകൊണ്ടും അവയെ ജയിച്ചുംകൊണ്ടു ദൈവത്തിന്റെ അടുക്കലേക്കു എത്തും.

റോമർ 8:35-39

35.**ക്രിസ്തുവിന്റെ സ്നേഹത്തിൽനിന്നു നമ്മെ വേർപിരിക്കുന്നതാർ? കഷ്ടതയോ സങ്കടമോ ഉപദ്രവമോ പട്ടിണിയോ നഗ്നതയോ ആപത്തോ വാളോ?**

36.**"നിന്റെ നിമിത്തം ഞങ്ങളെ ഇടവിടാതെ കൊല്ലുന്നു; അറുപ്പാനുള്ള ആടുകളെപ്പോലെ ഞങ്ങളെ എണ്ണുന്നു" എന്നു എഴുതിയിരിക്കുന്നുവല്ലോ.**

37.**നാമോ നമ്മെ സ്നേഹിച്ചവൻ മുഖാന്തരം ഇതിൽ ഒക്കെയും പൂർണ്ണജയം പ്രാപിക്കുന്നു.**

38.**മരണത്തിന്നോ ജീവന്നോ ദൂതന്മാർക്കോ വാഴ്ചകൾക്കോ അധികാരങ്ങൾക്കോ ഇപ്പോഴുള്ളതിന്നോ വരുവാനുള്ളതിന്നോ ഉയരത്തിന്നോ ആഴത്തിന്നോ മറ്റു യാതൊരു സൃഷ്ടിക്കോ**

39.**നമ്മുടെ കർത്താവായ യേശുക്രിസ്തുവിലുള്ള ദൈവസ്നേഹത്തിൽ നിന്നു നമ്മെ വേറുപിരിപ്പാൻ കഴികയില്ല എന്നു ഞാൻ ഉറെച്ചിരിക്കുന്നു.**

ക്രിസ്തുയേശുവിലുള്ള വിശ്വാസം നമ്മുടെ ഹൃദയങ്ങളിലാണ് ഉള്ളതെങ്കിൽ ആ വിശ്വാസത്തിന്റെ പ്രകടനം ദൈവത്തിലുള്ള ആശ്രയത്തിലാണ് പ്രത്യക്ഷമാവുന്നത്.

എഫെസ്യർ 2: 8-9
8.**കൃപയാലല്ലോ നിങ്ങൾ വിശ്വാസംമൂലം രക്ഷിക്കപ്പെട്ടിരിക്കുന്നതു; അതിന്നും നിങ്ങൾ കാരണമല്ല; ദൈവത്തിന്റെ ദാനമത്രേയാകുന്നു.**
9.**ആരും പ്രശംസിക്കാതിരിപ്പാൻ പ്രവൃത്തികളും കാരണമല്ല**

യേശുക്രിസ്തുവിലുള്ള വിശ്വാസത്തിൽ നാം വർദ്ധിച്ചുവരുമ്പോൾ നമ്മിൽ പരിശുദ്ധാത്മാവിന്റെ ശക്തിയാൽ ദൈവാശ്രയവും ഉരുവായിത്തുടങ്ങുന്നു. ദൈവാശ്രയത്തിൽ നാം ദൈവത്തെ ബുദ്ധിമുട്ടിപ്പിക്കുകയല്ല പ്രത്യുത ദൈവത്തെ പ്രസാദിപ്പിക്കുകയാണ് ചെയ്യുന്നത്.

എബ്രായർ 11:6
6.**എന്നാൽ വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പിപ്പാൻ കഴിയുന്നതല്ല; ദൈവത്തിന്റെ അടുക്കൽ വരുന്നവൻ ദൈവം ഉണ്ടു എന്നും തന്നെ അന്വേഷിക്കുന്നവർക്കു പ്രതിഫലം കൊടുക്കുന്നു എന്നും വിശ്വസിക്കേണ്ടതല്ലോ.**

ദൈവത്തിൽ ആശ്രയിക്കാൻ നാം ഒരുങ്ങേണ്ടുന്നതായുണ്ടോ ?
അബ്രഹാമിന്റെ വിശ്വാസവും ആശ്വാസവുമെല്ലാം ദൈവത്തിൽത്തന്നെയായിയുന്നു അഥവാ ദൈവം മാത്രമായിരുന്നു. കാരണം ദൈവത്തെ കേൾക്കുന്ന ജീവിതം അദ്ദേഹത്തിനുണ്ടായിരുന്നു. ലോത്തിനെ നോക്കുക, അബ്രഹാമിനോടുകൂടെ ഇറങ്ങിത്തിരിക്കുന്നതിനുമുമ്പും പിമ്പും ലോത്തിനു ദൈവത്തെ കേൾക്കുവാൻ കഴിഞ്ഞില്ല, അനുഭവിക്കാൻ കഴിഞ്ഞില്ല. ഒറ്റവാക്കിൽ പറഞ്ഞാൽ ലോത്തിനു ദൈവത്തിൽ വിശ്വാസമോ ആശ്രയമോ ഇല്ലായിരുന്നു. അബ്രഹാമിന്റെ നിഴലിനെ പിന്തുടരുകയാണ് ലോത്തും കൂടെയുള്ളവരും ചെയ്തത്.

നമ്മുടെ ആത്മീയ ജീവിതം നിർജീവമായിരിക്കരുത്, പകരം serious ആയി ആത്മീയജീവിതം അനുഭവിക്കുക. ദൈവത്തിൽ വിശ്വാസമോ ആശ്രയമോ ഇല്ലാതെയിരിക്കുമ്പോഴാണ് ജീവിതം നിർജീവമായിത്തീരുന്നത്. ദൈവത്തിലുള്ള ആശ്രയം പുത്രനേയും പിതാവിനെയും വെളിപ്പെടുത്തുന്ന (വ്യത്യസ്ത) ആത്മീയ അനുഭവങ്ങളിലൂടെയുള്ള പരിശുദ്ധാത്മാവിലെ യാത്രയാണ്. അബ്രഹാമിനുകഴിഞ്ഞതും ലോത്തിനുകഴിയാതെപോയതും ഈ യാത്രയും അതിലെ അനുഭവങ്ങളുമാണ്.

നമ്മുടെ ആത്മീയ ജീവിതം മാനുഷികമായ നിഴലുകൾക്കിടയിൽ അവസാനിച്ചുപോകുവാൻ ഇടയാകരുത്. ലോത്തിനു അബ്രഹാമിലെ നന്മകളെക്കുറിച്ചുള്ള അതിയായ ചിന്തയും കൊതിയും അദ്ദേഹത്തെ കൊണ്ടെത്തിച്ചത് ദുഷ്ടവഴികളിലായിരുന്നു. വലഞ്ഞുപോവുന്ന അനുഭവത്തിലേക്കു ലോത്ത് വീണുപോയത് നിഴലുകളിൽ ആശ്രയിച്ചും വിശ്വസിച്ചും നടന്നതുകൊണ്ടാണ്. മനുഷ്യനും മാനുഷികമായതും നമ്മിൽ വിഗ്രഹങ്ങളായിത്തീരരുത്. വളഞ്ഞവഴികളിലും നിവർന്നുനടക്കുവാൻ ദൈവാത്മാവ് നമ്മെക്കുറിച്ചു ആഗ്രഹിക്കുന്നു.

ദൈവത്തിനു നമ്മോടു പറയുവാനുള്ള വാക്കുകളാണ് നമ്മുടെ ആത്മീയ ആഹാരം. ഈ ആഹാരത്തെ ത്യജിക്കാതെ ഭക്ഷിക്കുന്നവരും പാനം ചെയ്യുന്നവരും ക്ഷീണിക്കാതെ ദൈവത്തിനായി ഓടിക്കൊണ്ടേയിരിക്കും. അവർ അവരുടെ ഇരിപ്പിടങ്ങളിൽ ഇരുന്നുകൊണ്ട് ദൈവത്തെ വേദനിപ്പിക്കാതെ ദൈവവേല ചെയ്യുകയും പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കാതെ ശുശ്രൂഷിക്കുകയും ചെയ്യും. ലോകം അവരെ കരുത്തരെന്നു വിളിക്കുവാൻ അവരോ സ്വർഗ്ഗമോ ആഗ്രഹിക്കുന്നില്ല. അവർക്കു 'സ്വർഗീയസമാധാനമെന്ന മന്നായും' ദിനംതോറും ലഭിക്കും. ലോകത്തെ തന്റെ വാക്കുകൾകൊണ്ട് വിധിക്കുവാൻ അവർ ആഗ്രഹിക്കുകയില്ല മറിച്ചു അവ ദൈവകരങ്ങളിലേക്കു വിട്ടുകൊടുക്കുന്നവരായി അവർ മാറുകയും അതിന്റെ ഫലമായി സ്വസ്ഥത അവർക്കു മഴപോലെ ലഭിക്കുകയുംചെയ്യുന്നു.

ജീവിതത്തിന്റെ വിജയം എന്നതോ തോൽവി എന്നതോ അവർക്കു വിഷയമല്ല. അവർ സാധാരണ മനുഷ്യരാണ്. എന്നാൽ അസാധാരമായ ദൈവശക്തിയാൽ നീങ്ങുന്നവരാണവർ. അവർക്കു അവരുടേതായ ലക്ഷ്യങ്ങളില്ല, ദൈവമാണ് അവരുടെ ഇടയൻ, അവരെ നടത്തുക എന്ന ദൗത്യം അവർ ഭരമേല്പിച്ചിരിക്കുന്നത് ദൈവകരങ്ങളിൽ മാത്രമാണ്.

സങ്കീർത്തനങ്ങൾ 23:1
യഹോവ എന്റെ ഇടയനാകുന്നു; എനിക്കു മുട്ടുണ്ടാകയില്ല.

അവരുടെ ദൈവശാസ്ത്രം മേല്പറഞ്ഞപോലെ വളരെ ലളിതമാണ്. എന്നാൽ ശത്രുവിന് അവരെ കുടുക്കുക എന്നത് അത്ര എളുപ്പമുള്ള കാര്യമല്ല. കാരണം ഈ ഉറപ്പ് അവർക്കുണ്ട്:

സങ്കീർത്തനങ്ങൾ 91: 3-4
3.**അവൻ നിന്നെ വേട്ടക്കാരന്റെ കണിയിൽ നിന്നും നാശകരമായ മഹാമാരിയിൽനിന്നും വിടുവിക്കും**.
4.**തന്റെ തൂവലുകൾകൊണ്ടു അവൻ നിന്നെ മറെക്കും**; **അവന്റെ ചിറകിൻ കീഴിൽ നീ ശരണം പ്രാപിക്കും**; **അവന്റെ വിശ്വസ്തത നിനക്കു പരിചയും പലകയും ആകുന്നു**.

ദൈവത്തിൽ ആശ്രയിക്കുക എന്ന വാക്ക് പലപ്പോഴും കേട്ടുവരുന്നത്, ഒരു പ്രശ്നത്തിന്റെയോ ആവശ്യത്തിന്റെയോ മധ്യത്തിൽ എങ്ങനെ പ്രാർത്ഥിക്കണം എന്ന ചോദ്യത്തിനുത്തരമായാണ്. എന്നാൽ 'ഒരു ആത്മീയജീവിതത്തിനാവശ്യംവേണ്ട ഒരു ഘടകം' എന്ന രീതിയിൽ ദൈവാശ്രയത്തെ ചേർത്തുപറയുന്നതായി നാം പലപ്പോഴും കാണാറില്ല. നമുക്കുവേണ്ടത് 'വിഷയങ്ങൾക്കു വിടുതൽ' എന്ന antibiotics അല്ല പ്രത്യുത രക്തം ശരീരത്തിലൂടെ ഒഴുകുന്നതുപോലെ, ദൈവാശ്രയം എന്നത് എപ്പോഴും നമ്മിൽ ചലിക്കാൻ നാം അനുവദിക്കേണ്ടുന്നതും, അവിടെ ക്രിസ്തുവിന്റെ ജീവൻ വഹിക്കുവാൻ പര്യാപ്തമായിത്തീരേണം എന്നുള്ളതുമാണ്.

ദൈവാശ്രയം, ഞാൻ എന്ന നമ്മുടെയോരോരുത്തരുടേയും സ്വയത്തെ തകർക്കുവാൻ പര്യാപ്തമാണ്. ദൈവ വചനം നമ്മിൽ പ്രവൃത്തിക്കാതെ ഒഴുകിപ്പോവുന്നതു നമ്മിലെ സ്വയത്തിന്റെ ശക്തിമൂലമാണെകിൽ ആ സ്വയത്തെ ഇടിച്ചുതകർക്കുവാൻ ദൈവാശ്രയം നമ്മെ സഹായിക്കും.

ദൈവത്തിലുള്ള ആശ്രയം നമ്മെ അനുദിനം ഒരുക്കത്തിലേക്കും പുതുക്കത്തിലേക്കും നടത്തും. ദൈവത്തിലുള്ള ആശ്രയം നമ്മുടെ സകല അലസതകളെയും പൂർണ്ണമായും മറ്റും. മറ്റൊരുവാക്കിൽപറഞ്ഞാൽ, നമ്മുടെ ആത്മാവിലെ ഒരുക്കം നന്നായിരിക്കണമെങ്കിൽ ദൈവാശ്രയം കൂടിയേ തീരൂ.

പത്തു കന്യകമാരുടെ ഉപമ (മത്തായി 25 : 1 - 13) നോക്കുക. അവരിൽ അഞ്ചുപേർ ബുദ്ധിയുള്ളവരായിരുന്നുവെന്നു വചനം പറയുന്നു.

കയ്യിൽ കരുതിയ എണ്ണ തീർന്നപ്പോൾ അഞ്ചു കന്യകമാർ ചുറ്റിനും നോക്കി കൂടെയുണ്ടായിരുന്ന, കയ്യിൽ എണ്ണ കരുതിയ അഞ്ചുപേരോടു എണ്ണ ചോദിക്കുന്നു. അവരിൽനിന്നും എണ്ണ ലഭിക്കായ്കയാൽ മണവാളൻ എത്തിയപ്പോൾ ആ അഞ്ചുപേർ പിൻതള്ളപ്പെടുന്നു. ബുദ്ധിയില്ലാത്തവരെന്നു ഇവരെക്കുറിച്ചു വചനം പറയുന്നു.

മത്തായി 25 : 8
8.**എന്നാൽ ബുദ്ധിയില്ലാത്തവർ ബുദ്ധിയുള്ളവരോടു: ഞങ്ങളുടെ വിളക്കു കെട്ടുപോകുന്നതു കൊണ്ടു നിങ്ങളുടെ എണ്ണയിൽ കുറെ ഞങ്ങൾക്കു തരുവിൻ എന്നു പറഞ്ഞു.**

നോക്കുക, ആശ്രയം എന്നത് ഒരിക്കലും മനുഷ്യരിലും മാനുഷികമായതിലും വയ്ക്കേണ്ടുന്നതല്ല. മനുഷ്യരിലെ ആശ്രയങ്ങൾ പരിമിതമായിരിക്കും. ആശ്രയം പരാജയപ്പെടുമ്പോൾ ലക്ഷ്യങ്ങളും പരാജയപ്പെടുന്നുവെന്നു ഈ ഉപമ നമ്മെ പഠിപ്പിക്കുന്നു. ദൈവത്തിൽ ആശ്രയിച്ചുനീങ്ങുന്നവരുടെ തീരുമാനങ്ങൾ ദൈവത്തിൽനിന്നുള്ളവയായിരിക്കും. അവർ ലജ്ജിക്കുവാൻ ദൈവം ആഗ്രഹിക്കുന്നില്ല.

ഇന്ന് നാം ചുറ്റും കാണുന്നത് കരുത്തരുടെ ലോകമാണ്. അവിടെ അവർക്കു അവരുടേതായ ആശ്രയങ്ങളുണ്ട് വഴികളുണ്ട്. ദൈവത്തെ അന്വേഷിക്കാത്തവർ, അറിയാത്തവർ, അവഗണിക്കുന്നവർ അങ്ങനെയുള്ളവർക്കു ദൈവത്തിന്റെ ആശ്രയം കേവലമൊരു തമാശ മാത്രമാണല്ലോ. പത്രോസ് പറയുന്ന ഒരു വാക്ക് ഈ അവസരത്തിൽ ശ്രദ്ധേയമാണ്.

യോഹന്നാൻ 6 : 67 - 68
*67.***ആകയാൽ യേശു പന്തിരുവരോടു: "നിങ്ങൾക്കും പൊയ്ക്കൊൾവാൻ മനസ്സുണ്ടോ " എന്നു ചോദിച്ചു.**
*68.***ശിമോൻ പത്രൊസ് അവനോടു: കർത്താവേ, ഞങ്ങൾ ആരുടെ അടുക്കൽ പോകും? നിത്യജീവന്റെ വചനങ്ങൾ നിന്റെ പക്കൽ ഉണ്ടു.**

വാസ്തവത്തിൽ ഇതായിരിക്കണം എല്ലാ ദൈവമക്കളുടെയും ആന്തരിക ഭാവം അഥവാ ആശ്രയം. ദൈവത്തെപ്പിരിഞ്ഞു ഒന്നും ചെയ്യുവാൻ നാം കഴിയാത്തവരായി മാറുക. അപ്രകാരം മാറുമ്പോൾ നാം മറ്റുള്ളവരെടെമുൻപിൽ അപഹാസ്യരായേക്കാം എന്നാൽ ആശ്രയം എന്നത് നമ്മുടെ ദൈവമായ കർത്താവിൽ മാത്രമായിരിക്കണം. പാട്ടുകാരൻ ഈ അവസ്ഥയെ ഒരു ഭാഗ്യവർണ്ണനയായാണ് പാടുന്നത്

"**ആശ്രയം യേശുവിൽ എന്നതിനാൽ**
ഭാഗ്യവാൻ ഞാൻ ഭാഗ്യവാൻ ഞാൻ"

ആശ്രയം യാഥാർഥ്യത്തിൽനിന്നുള്ള ഒരു ഒളിച്ചോടാലോ ഉത്തരവാദിത്വത്തിൽനിന്നുള്ള വ്യതിചലനമോ അല്ല. പ്രത്യുത, ഏറ്റവും നല്ലവന്റെ കൈകളേയും പ്രവൃത്തിയെയും ആഗ്രഹിച്ചും വാഞ്ഛിച്ചുംകൊണ്ടുള്ള, ഒരു നല്ല പ്രതികരണമാണ്.

ദൈവത്തെ ഈ ഭൂമിയിൽ പ്രസാദിപ്പിക്കാതെ സ്വർഗ്ഗത്തിൽ ചെന്ന് നേരിട്ടു സന്തോഷിപ്പിക്കുവാൻ ആഗ്രഹിക്കുന്നത്, വഴിയറിയാതെ ലക്ഷ്യത്തെക്കുറിച്ചു സംസാരിക്കുന്നതുപോലെയാണ്.

ഈ ഭൂമിയിൽ കർത്താവിൽ ആശ്രയിക്കുക, സകലത്തിലും ദൈവം ജ്ഞാനം നൽകും, കൃപ നൽകും സ്വന്തവഴികളെ വിട്ടുകളയുവാൻ നമുക്കെന്നും പ്രയാസമാണ്. അതിനാൽ ദൈവത്തിൽനിന്നും വഴി പഠിക്കുക. ദൈവത്തിലുള്ള ആശ്രയമാണ് ഏറ്റവും നല്ല വഴി. ആ വഴിയിലൂടെ വചനമുൾപ്പെടെ സകലവും നമ്മെ ഗ്രഹിപ്പിക്കുവാൻ ദൈവത്തിനെന്നും കഴിയും.

പൗലോസിന്റെ മാനസാന്തരം ആശ്രയമെന്ന ഒരുക്കത്തോടുകൂടിയായിരുന്നു. ദൈവത്തിൽ ആശ്രയിച്ചു പഠിക്കാൻ തുടങ്ങിയ പൗലോസ്, താൻ മുൻപ് പഠിച്ച ന്യായപ്രമാണത്തിലെ യേശുവിനെ ആത്മാവിൽ കാണാൻ ഇടയായി. യൂദാസ് കണ്ടിട്ടും ഗ്രഹിക്കുവാൻകഴിയാതെപോയ യേശുവിന്റെ സ്നേഹം, ശൗൽ എന്ന പൗലോസ് യേശുവിനെ നേരിട്ടുകാണാതെ ഗ്രഹിച്ചു. യൂദാസ് മരത്തിൽ തന്നെത്താൻ ശരീരം ഉയർത്തിയപ്പോൾ, പൗലോസ് ആത്മാവിൽ മൂന്നാം സ്വർഗ്ഗത്തോളം ദൈവത്താൽ ഉയർത്തപ്പെട്ടു. നോക്കൂ, ആശ്രയത്തിലൂടെ ആത്മീയ ഫലങ്ങളായിരിക്കും നാം പുറപ്പെടുവിക്കുന്നത്. നശ്വരതയിലല്ല, അനശ്വരമായ സ്വർഗ്ഗീയ സന്തോഷത്തിലേക്കു നാം പ്രവേശിക്കുകയുംചെയ്യും.

ദൈവത്തിലുള്ള ആശ്രയത്താൽ തുടങ്ങിയ എല്ലാ MOVEMENT കളെയും ഉണർവ്വുകളെയും നോക്കുക. അവയ്ക്കെല്ലാം ദൈവം ആഗ്രഹിച്ച പ്രവൃത്തിതികച്ച ഒരു കഥ പറയാനുണ്ടായിരിക്കും. ദൈവത്താൽ എഴുന്നേറ്റ ദൈവദാസന്മാരുടെ ജീവിതങ്ങളെ പരിശോധിക്കുക. അവർ പ്രത്യാശിച്ചതിലും അപ്പുറമായ ദൈവപ്രവൃത്തികൾ ദൈവരാജ്യത്തിൽ ദൈവം അവരിലൂടെ അയച്ചിരുന്നു .

യേശുക്രിസ്തുവിലെ നമ്മുടെ വിശ്വാസം ആശ്രയമായി മാറേണ്ടുന്നതാകുന്നു. അതിനായി ഒരു ഒരുക്കം ആവശ്യമാണ്. സത്യസന്ധമായതും ദൈവം നൽകുവാൻ ആഗ്രഹിക്കുന്നതുമായ സകലത്തിനായും പ്രത്യാശ വയ്ക്കുക. ഭോഷ്കിനാലും ദുർമോഹങ്ങളാലും നാം വഞ്ചിക്കപ്പെടരുത്. ഇത് ദുഷ്കാലമാകയാൽ ദൈവാത്മാവിന്റെ ഉപദേശങ്ങൾക്കായി എപ്പോഴും കാതോർക്കുക. ദൈവം നമ്മെ ഒരുനാളും കൈവിടുകയില്ല, ഉപേക്ഷിക്കുകയുമില്ല. ദൈവം നമ്മോടറിയിച്ച ദൈവീകവാഗ്ദത്തങ്ങൾ മറക്കുക എന്നത്, മണ്ണുകുഴിച്ചു മനുഷ്യൻ ആകാശത്തേക്കു എത്തിപ്പെടുക എന്നതുപോലെ അസാദ്ധ്യമാണ്.

ദൈവത്തിലേക്ക് മാത്രം നോക്കുക. നമ്മുടെ കണ്ണുകളെയും കാതുകളെയും ഹൃദയങ്ങളെയും വഞ്ചിക്കുന്ന ലോകത്തിലേക്ക് നാം വീണുപോകരുത്. നമ്മുടെ ആശ്രയം, ദൈവം അനുസരണമായും അതിശ്രേഷ്ഠമായും കണക്കിടുകയും നമ്മെ അനേകരുടെ അനുഗ്രഹത്തിനായി ഉപയോഗിക്കുകയും ചെയ്യുമാറാകട്ടെ.

നമുക്കു പ്രാർത്ഥിക്കാം
നിത്യനായ നല്ല ദൈവമേ, അങ്ങയുടെ കൃപയാൽ, അങ്ങയോടുള്ള അനുസരണത്തിലും വിശ്വാസത്തിലും വളരുവാനും, അങ്ങിൽ മാത്രം ആശ്രയിച്ചുകൊണ്ടു, ആത്മശക്തിയാൽ വളരുവാനും, അങ്ങേക്കായി ജീവിപ്പാനും എനിക്ക് കൃപനൽകേണമേ. എന്റെ ആവശ്യങ്ങളേക്കാൾ, അങ്ങിലുള്ള ആശ്രയത്തിനായി ഒരുക്കത്തോടെ കാത്തിരിക്കുവാൻ എന്നിൽ ബലം നൽകേണമേ. നിന്റെ തിരുഹിതത്താൽ എന്നെ നിത്യം നടത്തേണമേ.
ആമേൻ.

-ജിബി തോമസ്

ജീവിതങ്ങളിലൂടെ വാക്കുകളിലൂടെ.

LIFE WITHOUT GOD IS LIKE AN UNSHARPENED PENCIL - IT HAS NO POINT.

- BILLY GRAHAM

IN ALL CASES, THE CHURCH IS TO BE JUDGED BY THE SCRIPTURE, NOT THE SCRIPTURE BY THE CHURCH.

- JOHN WESLEY



THERE MUST BE A DIVORCE BETWEEN YOU AND SIN, OR THERE CAN BE NO MARRIAGE BETWEEN YOU AND CHRIST.

- CHARLES SPURGEON

Listen to our Malayalam Audio Bible

://www.youtube.com/@jibymonkombil

മലയാളം ഓഡിയോ ബൈബിളിനായി മുകളിലുള്ള ലിങ്ക് തുറക്കുക, അല്ലെങ്കിൽ QR code സ്കാൻ ചെയ്യുക

Any Feedback / Queries :

Jiby Thomas +447823850578
jibymonkombil@gmail.com

DIVINE HOPE MISSIONARIES
BRISTOL